"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി ജ്യോതി വി.ആർ., കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിയമനത്തിനായി കാത്ത് നിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.852/2024/AGRI തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:-

1. 14/03/2024 ലെ സ.ഉ.(സാധാ) നം. 255/2024/കൃഷി
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/07/2024 ലെ ADFW/6630/2024 നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ(TV) ആയിരിക്കെ അവധിയിൽ പ്രവേശിക്കുകയും അവധിയ്ക്ക് ശേഷം 01/03/2024 ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്ത കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ജ്യോതി വി.ആർ. ന് പരാമർശം (2) പ്രകാരം കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമനം നൽകി സർക്കാർ ഉത്തരവാകുകയും ടിയാൾ 18/03/2024 ന് ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൾ നിയമനത്തിനായി കാത്തിരുന്ന കാലയളവിൽ കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒഴിവുണ്ടായിരുന്നുവെന്നും ഈ സാഹചര്യത്തിൽ നിയമനത്തിനായി കാത്തിരുന്ന 01/03/2024 മുതൽ 17/03/2024 വരെയുള്ള കാലയളവ് ക്രമീകരിച്ച് ഉത്തരവാകമെന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി ജ്യോതി വി.ആർ. കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിയമനത്തിനായി കാത്തിരുന്ന 01/03/2024 മുതൽ 17/03/2024 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി.ജ്യോതി.വി.ആർ. കൃഷി അസിസ്റ്റന്റ് ഡയറക്ടർ(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം/ഓഫീസ് കോപ്പി(**AGRI-EA1/155/2024-AGRI**)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ